**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** — **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾ പ്രകാരം നിർമാണം പൂർത്തിയാക്കിയ എത്ര സ്കൂളുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ അറിയിക്കുമോ; | (എ) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 02<br><br>കൊല്ലം - ഇല്ല<br><br>പത്തനംതിട്ട - 03<br><br>ആലപ്പുഴ - ഇല്ല<br><br>കോട്ടയം - ഇല്ല<br><br>ഇടുക്കി - 07<br><br>എറണാകുളം - 04<br><br>തൃശ്ശൂർ - 04<br><br>പാലക്കാട് - 03<br><br>മലപ്പുറം - 01<br><br>കോഴിക്കോട് - ഇല്ല<br><br>വയനാട് - 06<br><br>കണ്ണൂർ - 03<br><br>കാസർഗോഡ് - ഇല്ല |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും അനുമതിയോടെ നിർമാണം ആരംഭിക്കുന്ന സ്കൂൾകെട്ടിടങ്ങൾക്ക് നിർമാണം പൂർത്തിയാക്കുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും അനുമതിയോടെ നിർമാണം ആരംഭിച്ച് പൂർത്തികരിക്കുന്ന കെട്ടിടങ്ങൾക്ക് സ്കൂൾ അധികൃതരിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക ഫിറ്റ്നസ് അനുവദിക്കുന്നതാണ്. കൂടാതെ കിഫ്ബി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം |

| | | | |
|---|---|---|---|
| | | | നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കിഫ്ബിയുടെ പരിശോധനയ്ക്ക്ശേഷം ഫൈനൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭ്യമാക്കിയശേഷമേ ഫിറ്റ്നസ് അനുവദിച്ചു നൽകാറുള്ളൂ. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്ന തരത്തിലുള്ള എല്ലാ കെട്ടിടങ്ങൾക്കും സ്ഥല പരിശോധനയ്ക്കുശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും അനുമതിയോടെ നിർമാണം ആരംഭിച്ച് പൂർത്തികരിക്കുന്ന കെട്ടിടങ്ങൾക്ക് സ്കൂൾ അധികൃതരിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഫിറ്റ്നസ് അനുവദിക്കുന്നതാണ്. കൂടാതെ കിഫ്ബി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കിഫ്ബിയുടെ പരിശോധനയ്ക്ക്ശേഷം ഫൈനൽ ഇൻസ്പെക്ഷൻ റിപ്പോർട്ട് ലഭ്യമാക്കിയശേഷമേ ഫിറ്റ്നസ് അനുവദിച്ചു നൽകാറുള്ളൂ. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്ന തരത്തിലുള്ള എല്ലാ കെട്ടിടങ്ങൾക്കും സ്ഥല പരിശോധനയ്ക്കുശേഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ